## പതിനാലാം കേരള നിയമസഭ

### നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 1302

02..03..2017 -ൽ
മറുപടിയ്ക്ക്

### മാവേലിക്കര രവിവർമ്മ കോളേജ്

| *ചോദ്യം* | *ഉത്തരം* |
| --- | --- |
| ശ്രീ. ആർ. രാജേഷ് | പ്രൊഫ.സി.രവീന്ദ്രനാഥ് (വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) മാവേലിക്കര രവിവർമ്മ കോളേജിനെ ഉന്നതനിലവാരത്തിലേക്ക് എത്തിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ; | (എ) അക്കാദമിക നിലവാരം ഉയർത്തുന്നതിനായി കേരളത്തിലെ 3 സർക്കാർ ഫൈൻ ആർട്സ് കോളേജുകളിലും വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം നടപ്പാക്കിയിട്ടുണ്ട്. ഇതിനു പുറമേ, വിദ്യാർത്ഥികളുടെ കഴിവുകൾ പ്രദർശിപ്പിക്കുന്നതിനായി ദേശീയ എക്സിബിഷനുകൾ, വിദഗ്ദ്ധരുടെ ക്ലാസുകൾ, സെമിനാറുകൾ എന്നിവ നടത്താറുണ്ട്. മാവേലിക്കര ഗവൺമെന്റ് ഫൈൻ ആർട്സ് കോളേജിൽ 2016 ഡിസംബർ 17 മുതൽ 2017 ജനുവരി 17 വരെ ഇത്തരത്തിൽ ക്യാമ്പ് സംഘടിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ക്യാമ്പിൽ ട്രാൻസ്ജെൻഡർ വർക്ക്ഷോപ്പ്, |

ആൾ കേരള ആർട്ടിസ്റ്റ് വർക്ക്ഷോപ്പ്, അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും രചനകളുടെ പ്രദർശനം, സെമിനാറുകൾ, ടെറാക്കോട്ട വർക്ക്ഷോപ്പ് ഇവ സംഘടിപ്പിച്ചു. 2017 ഫെബ്രുവരി 20 മുതൽ 25 വരെ പ്രിന്റ് മേക്കിംഗ് ആന്റ് ബ്രോൺസ് കാസ്റ്റിംഗ് നാഷണൽ വർക്ക്ഷോപ്പുകളും പഠന നിലവാരം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി നടത്തിയിട്ടുണ്ട്.

(ബി) പ്രസ്തുത കോളേജിന്റെ പുതിയ കെട്ടിടത്തിന്റെയും ഓഡിറ്റോറിയത്തിന്റെയും നിർമ്മാണം ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(ബി) മാവേലിക്കര രവിവർമ്മ കോളേജിന്റെ പുതിയ കെട്ടിടത്തിന്റേയും ആഡിറ്റോറിയത്തിന്റേയും നിർമ്മാണ പ്രവർത്തികൾ ആരംഭിക്കുന്നതിന്റെ ഭാഗമായി സോയിൽ ടെസ്റ്റ് ഇതിനകം നടത്തിക്കഴിഞ്ഞു. അംഗീകരിക്കപ്പെട്ട പ്ലാനിൽ ഏറ്റവും താഴത്തെ നിലയിൽ കാർ പാർക്കിംഗ് സൗകര്യംകൂടി ഉൾക്കൊള്ളിക്കുന്നതിനായി നിലവിലെ എസ്റ്റിമേഷൻ പുതുക്കുന്ന നടപടികൾ പൂർത്തിയായിവരുന്നു.

Raeff

*സെക്ഷൻ ഓഫീസർ*